# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **995** — 28-04-2017 -ൽ മറുപടിക്ക്

## രൂക്ഷമായ വരൾച്ചയെ പ്രതിരോധത്തിന് മുൻകരുതൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഇ.പി.ജയരാജൻ**<br>**ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീ. സി. കെ. ശശീന്ദ്രൻ**<br>**ശ്രീ. എം. നൗഷാദ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)** |
| എ) | സംസ്ഥാനത്ത് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ കാലവർഷത്തിലുണ്ടായ ഗണ്യമായ മഴക്കുറവിനെ തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ പ്രകാരം 31.10.2016-ൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുകയും തുടർന്ന് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി ചേർന്ന് ഏകോപിപ്പിച്ച് നടത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ജില്ലാ തലത്തിലും താലൂക്ക് തലത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും അവലോകന യോഗങ്ങൾ ചേർന്നുകൊണ്ടും ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ സാന്നിധ്യത്തിൽ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തിയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്നു. ജല സംരക്ഷണത്തിനായി താത്കാലിക ചെക്ക് ഡാമുകൾ നിർമ്മിക്കുകയും കിണറുകൾ, കുളങ്ങൾ. കനാലുകൾ എന്നിവ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള സ്രോതസുകൾ മലിനമാക്കാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. രൂക്ഷമായ വരൾച്ചയെ തുടർന്ന് ജലം ഉപയോഗിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിക്കുകയും 2017 മെയ് മാസം അവസാനം വരെ കുടിവെള്ളത്തിന് പ്രഥമ പരിഗണന നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. പൊതുജനങ്ങൾക്ക് സൗജന്യമായി കുടിവെള്ളം ഉറപ്പാക്കുന്നതിനായി ഭൂജലാധിഷ്ഠിത വ്യവസായങ്ങൾക്ക് അവയുടെ ജല ഉപഭോഗം കുറയ്ക്കുന്നതിനും സ്വകാര്യ കുഴൽകിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്ത് ആകെ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും GPS ഘടിപ്പിച്ച ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തുന്നതിനും ഭരണാനുമതിയും ഫണ്ടും നൽകിയിരുന്നു. അത് |

| | | | |
|---|---|---|---|
| | | | പ്രകാരം വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും ടാങ്കർ ലോറി വഴിയും കുടിവെള്ള വിതരണം നടത്തിവരുന്നു. ജില്ലകളുടെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ബഹു:മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ വിവിധ വീഡിയോ കോൺഫറൻസുകൾ വഴി വിലയിരുത്തിയിരുന്നു. സംസ്ഥാനത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31/05/2017 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. രൂക്ഷമായ വരൾച്ച നേരിടുന്ന പാലക്കാട് ജില്ലയിൽ മൃഗ സംരക്ഷണ മേഖലയിൽ വെറ്റിനറി ക്യാമ്പ് ആരംഭിക്കുന്നതിന് 35 ലക്ഷം രൂപ അനുവദിച്ച് നൽകി. വരൾച്ച മൂലം സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതു പ്രകാരം കേന്ദ്ര സർക്കാറിന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നു. |
| ബി) | ഏതെല്ലാം ജില്ലകളെയാണ് വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | സംസ്ഥാനത്തെ 14 ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| സി) | വരൾച്ച മൂലം വിവിധ പ്രദേശങ്ങളിലുണ്ടായ നാശ നഷ്ടങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. ദുരിതാശ്വാസം (Relief assistance) മാത്രമാണ് അനുവദനീയം. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം കൃഷി നാശം, മൃഗ സംരക്ഷണം, ശുദ്ധ ജല വിതരണം എന്നിവ മാത്രമാണ് വരൾച്ചാ കാലഘട്ടത്തിൽ ഇക്കാര്യത്തിൽ അനുവദനീയമായിട്ടുള്ളത്. ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥന പ്രകാരം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡം പാലിച്ചും ആശ്വാസ സഹായം അനുവദിച്ചിരുന്നു. വരൾച്ച മൂലം സംസ്ഥാനത്തുണ്ടായ നാശ നഷ്ടം സംബന്ധിച്ച വിവരങ്ങൾ വിവിധ വകുപ്പുകളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച് മെമ്മോറാണ്ടം തയ്യാറാക്കുകയും അത് കേന്ദ്ര സർക്കാറിന് സമർപ്പിക്കുകയും ചെയ്തിരുന്നു. അതിനെത്തുടർന്ന് കേന്ദ്ര സംഘം സംസ്ഥാനത്തെ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ സന്ദർശനം നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ